"ഭരണഭാഷ- മാതൃഭാഷ"　　　　**കേരള സർക്കാർ**

നമ്പർ. സി2/4/2025/ഐ&പിആർഡി

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

തിരുവനന്തപുരം

തിയതി: 15-02-2025

## 'കൊല്ലം@75' വ്യാപാര പ്രദർശന മേള തീം പവലിയൻ തയ്യാറാക്കാൻ താത്പര്യപത്രം ക്ഷണിച്ചു.

കൊല്ലം ജില്ല രൂപീകൃതമായതിന്റെ 75-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് കൊല്ലം ആശ്രാമം മൈതാനത്ത് 2025 **മാർച്ച് 3 മുതൽ 10** വരെ സംഘടിപ്പിക്കുന്ന പ്രദർശന വിപണന മേള പവലിയനിൽ പി ആർ ഡി യുടെ നേതൃത്വത്തിൽ **2500 ചതുരശ്ര അടിയിൽ** തീം ഏരിയ ഡിസൈനും ഫാബ്രിക്കേഷനും ചെയ്യുന്നതിന് പ്രൊപ്പോസൽ ക്ഷണിക്കുന്നു. വ്യാപാരമേളയുടെ തീം **'കൊല്ലം@75'** എന്നാണ്. സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമ നേട്ടങ്ങൾക്കും കൊല്ലത്തിന്റെ ചരിത്രത്തിനും പുറമേ, കൊല്ലം ജില്ലയുടെ ചരിത്രപരമായ വ്യാപാര പാരമ്പര്യം, സാംസ്കാരിക പൈതൃകം, ആധുനിക സമ്പദ് വ്യവസ്ഥയിലെ സാധ്യതകൾ എന്നിവ സമന്വയിപ്പിച്ചുകൊണ്ടുള്ള മോഡ്യൂളുകളാണ് അവതതരിപ്പിക്കേണ്ടത്.

ബന്ധപ്പെട്ട മേഖലയിൽ **രണ്ടു വർഷത്തെ** പ്രവർത്തിപരിചയമുള്ള, സമാനമായ സർക്കാർ പ്രോഗ്രാമുകളിൽ തീം പവലിയനുകൾ സജ്ജീകരിച്ചിട്ടുള്ള ഏജൻസികൾക്കും ആർട്ടിസ്റ്റുകൾക്കും അപേക്ഷിക്കാം. താല്പര്യമുള്ള ആർട്ടിസ്റ്റ്/ ഡിസൈനർ മേൽ സൂചിപ്പിച്ചിട്ടുള്ള തീം അടിസ്ഥാനപ്പെടുത്തി ഒരു ഡിസൈൻ തയ്യാറാക്കി അത് വീഡിയോ ഫോർ മാറ്റിൽ **ജഡ്ജിങ് കമ്മിറ്റിമുമ്പാകെ 2025 ഫെബ്രുവരി 20-ന് രാവിലെ 11 മണിക്ക്** തിരുവനന്തപുരത്ത്, സെക്രട്ടേറിയറ്റിൽ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിലെ പി.ആർ.ചേമ്പറിൽ അവതരിപ്പിക്കേണ്ടതാണ്. ഒരു ഏജൻസി / വ്യക്തിക്ക് ഡിസൈൻ അവതരിപ്പിക്കാൻ **പരമാവധി 30 മിനിറ്റ്** അനുവദിക്കുന്നതായിരിക്കും. ഡിസൈൻ,

ക്രിയേറ്റീവ്സ്, ഫാബ്രിക്കേഷൻ വർക്കുകളുടെ പ്രൊപ്പോസലിൽ വിശദമായ കോസ്റ്റ് എസ്റ്റിമേറ്റ് ഉൾപ്പെടുത്തേണ്ടതും, പ്രസ്തുത **തുക പരമാവധി 15 ലക്ഷം രൂപയ്ക്കുള്ളിൽ** ആയിരിക്കണം. പ്രൊപ്പോസൽ അവതരണ ദിവസം തന്നെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ സമർപ്പിക്കേണ്ടതുമാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി/ വ്യക്തി തന്നെ ഡിസൈൻ അടിസ്ഥാനമാക്കിയുള്ള ഫാബ്രിക്കേഷൻ ജോലികളും നിർവഹിക്കേണ്ടതാണ്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ